(ബി) വിവിധ ആനുകൂല്യങ്ങൾക്കായി ഒരോ ഇനത്തിലും എത്ര അപേക്ഷകർക്ക് ആനുകൂല്യം കൊടുത്തുതീർക്കുവാനുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി അതിവർഷാനുകൂല്യം, വിവാഹ ധനസഹായം, പ്രസവാനുകൂല്യം, ചികിത്സാ സഹായം, മരണാനന്തര സഹായം, എസ്.എസ്.എൽ.സി. ക്യാഷ് അവാർഡ് എന്നീ ആറ് ക്ഷേമാനുകൂല്യങ്ങളാണ് വിതരണം ചെയ്തുവരുന്നത്. ഇതിൽ അതിവർഷാനുകൂല്യവും, വിവാഹ ധനസഹായവും ഒഴികെ 31-1-2005-വരെ ബാക്കി ഇനങ്ങളിലായി ലഭിച്ച മുഴുവൻ അപേക്ഷകളിലും ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. അതിവർഷാനുകൂല്യം, വിവാഹധനസഹായം എന്നീ ഇനങ്ങളിലായി വിതരണം ചെയ്യാനുള്ള അപേക്ഷകൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

ഇനം	അപേക്ഷകരുടെ എണ്ണം	തുക
അതിവർഷാനുകൂല്യം	104627	57,77,62,000
വിവാഹ ധനസഹായം	51449	10,28,98,000

കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിൽ കമ്പ്യൂട്ടർ ഓപ്പറേറ്റർ തസ്തിക

69 [2841] ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തൊഴിൽ വകുപ്പിന്റെ കീഴിൽ ഉള്ള ക്ഷേമനിധി ബോർഡുകളിൽ ദിവസക്കൂലി ഇനത്തിൽ പണിയെടുക്കുന്നവർ ഉണ്ടോ;

(ബി) എങ്കിൽ ഓരോ ബോർഡിലും എത്ര പേർ വീതം; വിശദാംശം വെളിപ്പെടുത്തുമോ;

(സി) ക്ഷേമനിധി ബോർഡുകളിലെ ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ പി.എസ്.സി. ലിസ്റ്റ് ആയിട്ടുണ്ടോ; ഇല്ലെങ്കിൽ താമസത്തിന് കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിൽ കമ്പ്യൂട്ടർ ഓപ്പറേറ്റർ തസ്തികയിൽ ദിവസക്കൂലിക്കാർ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ ഇവരെ സ്ഥിരപ്പെടുത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ചില ക്ഷേമനിധി ബോർഡുകളിൽ അവയുടെ സുഗമമായ പ്രവർത്തനത്തിന് അത്യാവശ്യ ഘട്ടങ്ങളിൽ ദിവസക്കൂലി ഇനത്തിൽ ആളുകളെ നിയോഗിക്കാറുണ്ട്.

(ബി) വിവരം അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു.†

(സി) നിയമനം പി.എസ്.സി-യ്ക്ക് വിട്ടിട്ടുള്ള ബോർഡുകളിലെ വിവരം അനുബന്ധം 2-ൽ ചേർത്തിരിക്കുന്നു.†

(ഡി) ഉണ്ട്. സ്ഥിരപ്പെടുത്തുന്ന കാര്യം ബോർഡ് ആലോചിച്ചിട്ടില്ല.

കെസ്റ്റു 99 പദ്ധതി കണ്ണൂർ ജില്ലയിൽ

70 [2842] ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെസ്റ്റു 99 പദ്ധതി പ്രകാരം സ്വയം തൊഴിൽ പദ്ധതിയിലൂടെ സംസ്ഥാനത്ത് എത്ര പേർക്ക് വായ്പ ലഭിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) കണ്ണൂർ ജില്ലയിൽ എത്ര പേർക്ക് വായ്പ നൽകിയിട്ടുണ്ടെന്ന് വിശദീകരിക്കാമോ;

(സി) കെസ്റ്റു 99 പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിൽ വായ്പക്ക് അപേക്ഷിച്ച വരുടേയും ലഭിച്ചവരുടേയും പേരുവിവരങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) നാളിതുവരെ 1887 പേർക്ക് വായ്പ ലഭിച്ചിട്ടുണ്ട്.

(ബി) 93 പേർക്ക് വായ്പ നൽകിയിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

പ്ലാന്റേഷനുകളുടെ പുനരുദ്ധാരണം

71 [2843] ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി :
ശ്രീ. സ്റ്റീഫൻ ജോർജ് :
,, ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

†അനുബന്ധം I, II

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VI

[16-3-2005-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 69(2841) സദയം കാണുക]

കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിൽ 25 പേർ ദിവസക്കൂലിയിനത്തിൽ ജോലി ചെയ്യുന്നുണ്ട്. ഇതിൽ 8 പേർ എൽ.ഡി. ക്ളാർക്ക് തസ്തികയിലും രണ്ടു പേർ ഡ്രൈവർ തസ്തികയിലും 14 പേർ പ്യൂൺ തസ്തികയിലും ഒരാൾ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിലുമാണ് ജോലി ചെയ്തുവരുന്നത്.

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ 7 ജില്ലാ ഓഫീസുകളിൽ 7 താൽക്കാലിക കാഷ്വൽ സ്വീപ്പർമാരും ചീഫ് ഓഫീസിൽ ഒരു നൈറ്റ് വാച്ച്മാനും എറണാകുളം, കോഴിക്കോട് ജില്ലാ ഓഫീസുകളിൽ ഓരോ ക്ളാർക്കുമാരും ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നു.

കേരള മോട്ടോർതൊഴിലാളി ക്ഷേമനിധി ബോർഡിൽ 13 ശിപായിമാരെ ദിവസ വേതനത്തിൽ നിയമിച്ചിട്ടുണ്ട്. അതുപോലെ 67 എൽ.ഡി. ക്ളാർക്ക് ഒഴിവുകളിലേക്ക് 42 പേർ പി. എസ്. സി. വഴിയും 25 ഒഴിവുകളിൽ എംപ്ളോയ്മെന്റ് എക്സ്ചേഞ്ചു വഴി നിയമനം നടത്താൻ കാലതാമസം നേരിട്ടിട്ടുള്ള സാഹചര്യത്തിൽ മാത്രം ദിവസ വേതനക്കാരെ നിയമിച്ചിട്ടുണ്ട്.

കേരള ബീഡി സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഒരു ക്ളാർക്കി നേയും ഒരു പ്യൂണിനേയും ഒരു കാഷ്വൽ സ്വീപ്പറേയും ദിവസ വേതനാടിസ്ഥാന ത്തിൽ നിയമിച്ചിട്ടുണ്ട്.

കേരള കള്ളു വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിൽ 47 എൽ.ഡി. ക്ളാർക്ക്, 2 എൽ. ഡി. ടൈപ്പിസ്റ്റ്, 17 പ്യൂൺ കം പ്രോസസ്സ് സർവർ എന്നിവരെ ദിവസക്കൂലിയിനത്തിൽ നിയമിച്ചിട്ടുണ്ട്.

കേരള അബ്ക്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിൽ 8 പേർ ദിവസക്കൂലി യിനത്തിൽ പണിയെടുക്കുന്നു.

കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഒരു പ്യൂണിനെ ദിവസ കൂലിയിനത്തിൽ നിയമിച്ചിട്ടുണ്ട്.

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിലവിൽ വിവിധ ജില്ലകളിലായി 14 ക്ളറിക്കൽ ജീവനക്കാരും ഒരു ടൈപ്പിസ്റ്റും 5 പ്യൂൺമാരും ദിവസ കൂലിയിനത്തിൽ താൽക്കാലികമായി ജോലി നോക്കുന്നു.

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധിയെ സംബന്ധിച്ച് എൽ.ഡി. ക്ളാർക്ക്, പ്യൂൺ കം പ്രോസസ്സ് സർവർ, ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ എന്നീ തസ്തികക ളിലെ ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 67 എൽ.ഡി.ക്ളാർക്ക് തസ്തികയിലേക്ക് പി.എസ്.സി. ലിസ്റ്റ് ലഭിച്ചതനുസരിച്ച് 42 പേർ ജോലിയിൽ പ്രവേശിച്ചു. മറ്റ് ലിസ്റ്റുകൾ ആയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ബോർഡു ജീവനക്കാരുടെ (നിയമനവും സേവന വ്യവസ്ഥകളും) റഗുലേഷനുകളിലെ ഭേദഗതി നടത്താനുള്ള കാലതാമസം മൂലമാണ് നിയമനം വൈകുന്നത്.

കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ലിസ്റ്റ് ആയിട്ടില്ല.

കേരള കള്ളു വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ലിസ്റ്റ് ആയിട്ടില്ല.

അനുബന്ധം VII

[16-3-2005-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 83(2855) സദയം കാണുക]

Ref:—Note ML 3-002732/04 Date 10-11-04 of Executive Director (Tech).

The reference note cited Executive Director (Tech.) is directed to submit an interim report to assess the comparative qualities of the bus bodies built by the various body manufactures.

The technical committee has examined the performance of bus bodies by all body manufactures and its defects, complaints (etc.) gathered from various quarters. Details of receipt of bus bodies, order quantity and chassis supply to all body manufactures are noted below:

Sl No.	Name of firm	Order Quantity	Chassis supplied	Bus body received
(1)	(2)	(3)	(4)	(5)
1.	Harsha Wheel Movers Ltd., Bangalore	275	190	186
2.	Irizar TVS (P) Ltd., Viralimala	211	182	182
3.	Hitech Auto Craft, Alappuzha	LL-35 TATA-50	LL-35 TATA-38	LL-35 TATA-25

LIBRARY ARCHIVES Kerala Legislative Assembly